**A** | **702**

# വാർഷിക മൂല്യനിർണയം 2017-18

## മലയാളം

**ക്ലാസ്-7** **കേരളപാഠാവലി** **സമയം -2 മണിക്കൂർ**

**നിർദേശങ്ങൾ**

1. മൂല്യനിർണയത്തിന്റെ ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനുള്ളതാണ്. (സമാശ്വാസ സമയം)
2. ആകെ 6 ചോദ്യങ്ങളാണ് ഉള്ളത്. ഇതിൽ 5 എണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 : വാങ്മയചിത്രം**

'ഗാനം കേട്ട നേരം', 'മായപ്പൊന്മാൻ' എന്നീ കവിതകളിലൂടെ മികച്ച വാങ്മയ ചിത്രങ്ങൾ പരിചയപ്പെട്ടല്ലോ! താഴെ കൊടുത്തിരിക്കുന്ന വരികൾ (കാവ്യഭാഗം) വായിച്ച് **വാങ്മയ ചിത്രം** തയാറാക്കൂ.....

**പുല്ലാങ്കുഴൽ വിളി**

മാമരച്ചോട്ടിലിരുന്നു കണ്ണൻ
മാൺപെഴുമോടക്കുഴൽ വിളിച്ചു.
തൃപ്പാരിടത്തെത്തലോടി വീണ്ടും
തൈത്തെന്നൽ കോരിത്തരിച്ചു നിന്നു.
കാതോർത്തിരുന്നു തരുനിരകൾ
കാലികൾ സർവ്വചരാചരങ്ങൾ
മാതൃവാത്സല്യം നുകർന്നു വത്സ-
ജാലങ്ങളമ്മിഞ്ഞയുണ്ടു നിൽക്കേ
മാനത്തു കൊച്ചു വിഹംഗമങ്ങൾ
ചേലൊത്തു തമ്മിൽ രസിച്ചിരിക്കെ
ഗോപാല ബാലന്റെ വേണു നാദം
കാതിൽ പതിക്കെ മറന്നു സർവ്വം.

| | |
|---|---|
| മാൺപെഴും: | ഭംഗിയുള്ള |
| പാരിടം: | ഭൂമി |
| തൈത്തെന്നൽ: | ഇളം കാറ്റ് |
| വത്സജാലം: | പശുക്കുട്ടിക്കൂട്ടം |
| തരുനിര: | വൃക്ഷക്കൂട്ടം |
| വിഹംഗമം: | പക്ഷി |

- **അമൃത.കെ** (എട്ടാംതരം)

**പ്രവർത്തനം 2 : കഥാപാത്ര നിരൂപണം**

**എ)** "എന്നാൽ നോക്കെടോ..., പന്ത്രണ്ടിഡ്ഡലിയെങ്കിലുമൊപ്പിക്ക്."
കുഞ്ഞൻ മേനോന് പ്രാതലൊരുക്കാൻ നിർദേശിക്കുന്ന ഏട്ടത്തിയമ്മയുടെ വാക്കുകളാണിത്: 'പ്രാതൽ' എന്ന കഥയിൽ ഏട്ടത്തിയമ്മ കടന്നു വരുന്ന ഒരുപാടു മുഹൂർത്തങ്ങളുണ്ട്. ഏട്ടത്തിയമ്മയുടെ നർമബോധം, ആതിഥേയ മര്യാദ, മറ്റു കഥാപാത്രങ്ങളോടുള്ള ബന്ധം ഇവ പരിശോധിച്ച് **കഥാപാത്ര നിരൂപണം** തയാറാക്കുക. നിങ്ങളുടെ നിരീക്ഷണങ്ങളും ചേർക്കുമല്ലോ.

**ബി)** ചുവടെ കൊടുത്തിരിക്കുന്നവരിൽ ഹാസ സാഹിത്യകാരനല്ലാത്തത് ആര്?
(ഇ.വി.കൃഷ്ണപിള്ള, ഒ.എൻ.വി, വി.കെ.എൻ)

## പ്രവർത്തനം 3 : വിശകലനക്കുറിപ്പ്

"മഹത്തുക്കളുടെ സാമീപ്യമോ സംസർഗമോ കൊണ്ട് നിസ്സാരന്മാരും ചിലപ്പോൾ ഉൽകൃഷ്ടന്മാരായി കാണപ്പെടാറുണ്ടല്ലോ. എന്നാൽ അങ്ങനെയുള്ളവരുടെ പ്രകൃത്യാ ഉള്ള ഹീനഭാവത്തെ കാണുമ്പോൾ മഹത്തുക്കൾക്ക് ഒരു ഭാവഭേദം സംഭവിച്ചു പോകുകയും ചെയ്യും." ഏതു സന്ദർഭത്തെ സമർത്ഥിക്കുവാനാണ് ശ്രീ.സി.വി.രാമൻപിള്ള ഇപ്രകാരം പറയുന്നത്. ? തുടർന്ന് പ്രകൃതിക്കു സംഭവിക്കുന്ന മാറ്റങ്ങളും നടന്ന സംഭവവും സൂചിപ്പിച്ച് ആദ്യം പറഞ്ഞ വരികളെ **വിശകലനം** ചെയ്യുക.

## പ്രവർത്തനം 4 : ഉപന്യാസം

'പാലക്കാടൻ കാറ്റ്' എന്ന പാഠം പഠിച്ചപ്പോൾ ഭാഷാക്ലബ്ബ് പ്രവർത്തനമായി അധ്യാപിക ഓരോ കുട്ടിയോടും **'എന്റെ നാട്'** എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയാറാക്കാനാവശ്യപ്പെട്ടു. നിങ്ങളുടെ നാടിന്റെ-ഭൂമിശാസ്ത്രപരമായ പ്രത്യേകത, ഭാഷ, ആചാരങ്ങൾ, ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ പ്രതിഭകൾ, കലകൾ.... ഇവ പരിഗണിച്ചുകൊണ്ട് മൂന്നോ, നാലോ ഖണ്ഡികയിൽ **ഉപന്യാസം** എഴുതുമല്ലോ. അനുയോജ്യമായ തലക്കെട്ടും നൽകണം.

## പ്രവർത്തനം 5 : ഡയറിക്കുറിപ്പ്

അസാധാരണമായ സംഗീത പാടവമുള്ള മെൽഷിയർ....
കർഷക കുടുംബത്തിൽ ജനിച്ച കൃശഗാത്രയായ,
കഴിവോ സൗന്ദര്യമോ ഇല്ലാത്ത ലൂഷ്യ....
ഒടുവിൽ മെൽഷിയർ മദ്യത്തിൽ അഭയം കണ്ടെത്തുന്നു...
അതിനിടെ ജീൻ ക്രിസ്റ്റഫിന്റെ ജനനം. വീടു പുലർത്താനായി
പ്രഭുഗൃഹങ്ങളിലെ പാചകജോലികൾ ചെയ്യേണ്ടി വരുന്ന ലൂഷ്യ....
അത്തരം ദിനങ്ങളിലൊന്നിൽ ലൂഷ്യ എഴുതുവാനിടയുള്ള ഒരു **ഡയറിക്കുറിപ്പ്** തയാറാക്കുക.

## പ്രവർത്തനം 6 : യാത്രാവിവരണം

യാത്രകൾ എന്തുരസമാണ്! മനസ്സിനെ കാന്തം പോലെ ആകർഷിച്ചു നിർത്തുന്ന കാഴ്ചകൾ. ഓർമയിൽ തങ്ങി നിൽക്കുന്ന അനുഭവങ്ങൾ. വേറിട്ട കാലാവസ്ഥ...പുരാതന സ്മാരകങ്ങൾ..... ചരിത്രത്തിന്റെ ഓർമപ്പെടുത്തലുകൾ...... ഇത്തരം ഇടങ്ങളിലേക്ക് നിങ്ങളും യാത്ര ചെയ്തിട്ടുണ്ടാവാം..... ഓർമയിൽ തങ്ങി നിൽക്കുന്ന ഒരു യാത്രയെക്കുറിച്ചും അനുഭവങ്ങളെക്കുറിച്ചും **വിവരിക്കുക.**